കൊയിലാണ്ടി താലൂക്ക് ഭൂപണയബാങ്ക്

522 [930] ശ്രീ. എ.സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരിയിൽ പ്രവർത്തിക്കുന്ന കൊയിലാണ്ടി താലൂക്ക് ഭൂപണയബാങ്കിന്റെ പ്രസിഡന്റിനെ മാറ്റി നിലവിലുള്ള പ്രസിഡന്റിനെ തെരഞ്ഞെടുത്തതു സംബന്ധിച്ച് വല്ല പരാതിയും ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് എന്തു നടപടി എടുത്തു എന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരാതിക്കാരന്റെ അപേക്ഷയിൻമേൽ തുടർന്നു നടപടി യെടുക്കേണ്ടതു ജോയിന്റ് രജിസ്ട്രാർ ആണ്. പരാതി രജിസ്ട്രാർക്ക് 18–7–1985–ൽ അയച്ചുകൊടുത്തിട്ടുണ്ട്.

സഹകരണ സംഘങ്ങളിലെ നിയമനം

523 [931] ശ്രീ. എ.സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിലെ നിയമനം പബ്ലിക് സർവ്വീസ് കമ്മീഷനു വിടണം എന്നാവശ്യപ്പെട്ടുകൊണ്ട് വല്ല നിവേദനവും ഇപ്പോൾ ഗവൺമെന്റിന്റെ പരിശോധനയിലുണ്ടോ;

(ബി) സഹകരണ സംഘങ്ങളിലെ നിയമനങ്ങളിൽ സംവരണ തത്വം പാലിക്കുവാൻ എന്തെങ്കിലും നടപടി എടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സഹകരണ സംഘങ്ങളിലെ താല്ക്കാലിക ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ അറിയിക്കാറുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) സഹകരണ സംഘങ്ങളിലെ നിയമനങ്ങളിൽ 10 ശതമാനം പട്ടികജാതി–പട്ടികവർഗ്ഗക്കാർക്ക് സംവരണം ചെയ്തുകൊണ്ട് ഫെബ്രുവരി മാസത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഇല്ല.

വനിതാ സഹകരണ സംഘങ്ങൾ

524 [932] ശ്രീ. പി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര വനിതാ സഹകരണ സ്ഥാപനങ്ങളുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അവ ഏതെല്ലാം ടൈപ്പിലുള്ളതാണ്;

(സി) അവയിൽ വിദ്യാഭ്യാസ സാംസ്ക്കാരിക മേഖലയിൽ പ്രവർത്തിക്കുന്ന വനിതാ സഹകരണ സ്ഥാപനങ്ങളുണ്ടോ;

(ഡി) തൊഴിൽ രഹിതരായ ബിരുദധാരികളുടെ സേവനം സമൂഹത്തിനുപയുക്തമാകത്തക്ക നിലയിൽ വിദ്യാഭ്യാസ സാംസ്ക്കാരിക സഹകരണ സ്ഥാപനങ്ങൾ ഒരു ജില്ലയിൽ ഒന്നെങ്കിലും വീതമെങ്കിലും ഉണ്ടാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 37

(ബി) സ്വയംതൊഴിൽ കണ്ടെത്തൽ പരിപാടിയുടെ ഭാഗമായി രൂപീകരിക്കപ്പെട്ടവയാണ്.

(സി) ഇല്ല.

(ഡി) ഇതിലേക്ക് ഒരു പദ്ധതി നിലവിലുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 30 എഡ്യൂക്കേഷണൽ സഹകരണ സംഘങ്ങൾ (പാരലൽ കോളേജുകൾ) ഇപ്പോൾ പ്രവർത്തിച്ചു വരുന്നുണ്ട്.

സംസ്ഥാന സഹകരണ മാർക്കറ്റിംഗ് ഫെഡറേഷൻ വാങ്ങിയ നാളികേരവും കൊപ്രയും

525 [933] ശ്രീ. കെ.ടി. കുമാരൻ:

,, കെ.ടി. കണാരൻ:

,, പി. കുമാരൻ:

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ:

ശ്രീ. കെ.ആർ. ചന്ദ്രമോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ മാർക്കറ്റിംഗ് ഫെഡറേഷൻ വഴി 1985 ഏപ്രിലിനുശേഷം 30–8–1985 വരെ എത്ര ടൺ നാളികേരവും കൊപ്രയും വാങ്ങിയിട്ടുണ്ട്;

(ബി) മറ്റേതെങ്കിലും സ്ഥാപനം മുഖാന്തിരം സംഭരണം നടത്തിയിട്ടുണ്ടോ;

(സി) മാമം, കോഴിക്കോട് കോക്കനട്ട് കോംപ്ലക്സുകൾക്കായി ഈ കാലഘട്ടത്തിൽ സംഭരിക്കാൻ കഴിഞ്ഞ കൊപ്ര എത്ര ടൺ ആണെന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാന സഹകരണ മാർക്കറ്റിംഗ് ഫെഡറേഷൻ വഴി 1985 ഏപ്രിലിനുശേഷം (അതായത് 1985–മേയ് മുതൽ) 10,795 ടൺ കൊപ്ര വാങ്ങിയിട്ടുണ്ട്. നാളികേരം വാങ്ങിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly